രക്ഷയുടെ പാതയിൽ-4



4

# ജീവന്റെ നീർച്ചാലുകൾ

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

പാഠം 11

# രോഗീലേപനം



മകനേ നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എഴുന്നേറ്റ് നിന്റെ കിടക്കയുമായി നിന്റെ വീട്ടിലേക്കുപോവുക. രോഗികളെ സുഖപ്പെടുത്തുവാനുള്ള ശക്തി ഈശോയ്ക്കുായിരുന്നു. കുഷ്ഠം, അന്ധത. ബധിരത ഇങ്ങനെ പലവിധ രോഗങ്ങളുള്ളവരെയും, അനേകം പിശാചു ബാധിതരേയും അവിടുന്നു സുഖപ്പെടുത്തി.

രോഗിലേപനമെന്ന കൂദാശ നൽകുന്നത് രോഗികളെ സുഖപ്പെടുത്താനുള്ള ദൗത്യം. ശ്ലീഹന്മാർ ആ പതിവ് തുടന്നു.

നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേ പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടു കൂടിയ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവ് അവനെ എഴുന്നേൽപ്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുങ്കെിൽ അവിടുന്ന് അവനു മാപ്പുനൽകും. (യാക്കോ 5:14-16)



**പാപമോചനവും രോഗസൗഖ്യവും നൽകി നമ്മുടെ ആത്മശരീരങ്ങൾക്ക് ആരോഗ്യം നൽകുന്ന കൂദാശയാണ് രോഗീലേപനം.**

**രോഗികൾക്കുവേി പ്രാർത്ഥിക്കുക, രോഗികളെ സന്ദർശിച്ച് ആശ്വസിപ്പിക്കുക, അവരെ ശുശ്രൂഷിക്കുക തുടങ്ങിയവ രോഗികളോടുള്ള നമ്മുടെ ക്രൈസ്തവ ദൗത്യത്തിന്റെ ഭാഗമാണ്.**



# നമുക്കു പാടാം

ഒന്നുതൊട്ടാലും നാഥാ
സൗഖ്യം തന്നാലും
നിൻ കരാംഗുലി സ്പർശനത്താൽ
പൂർണ സൗഖ്യം ഞാൻ നേടിടും

# നമുക്കു പ്രാർത്ഥിക്കാം

**സൗഖ്യദായകനായ ഈശോയെ, രോഗികളോടും വേദന അനുഭവിക്കുന്നവരോടും കരുണ കാണിക്കുവാനും അവർക്കുവേി പ്രാർത്ഥിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ.**

# നമുക്കു ഭക്തിപൂർവ്വം ദൈവവചനം വായിക്കാം

(മർക്കോ.2:1-12)



# ഓർമ്മിക്കാൻ ഒരു തിരുവചനം

**"അവരുടെ വിശ്വാസം ക് ഈശോ തളർവാതരോഗി യോടു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു"**

(മർക്കോ. 2:5).

# എന്റെ തീരുമാനം

**രോഗികളെയും പ്രായമായവരെയും താൽപര്യപൂർവം പരിചരിക്കുകയും അവർക്കുവേ പ്രാർത്ഥിക്കുകയും ചെയ്യും.**

# നമുക്കു ആടാം പാടാം



രോഗികളെ സൗഖ്യമാക്കി
പീഡിതർക്കു ശാന്തിയേകി
പാപികൾക്കു രക്ഷനൽകി
ഈശോയെന്നാളും

രോഗിയായി ക്ഷീണിതനായ്
തളർന്നാകെ കഴിയുമ്പോൾ
ആശ്വാസത്തിൻ തൈലവുമായ്
അരികിലെത്തും

വൈദികന്റെ കരത്തിലും
കാണുന്നു ഞാൻ നിരന്തരം
ഈശോനാഥനേകിടുന്ന
സ്നേഹകാരുണ്യം.

Thank you